LIBRARY ARCHIVES Kerala Legislative Assembly

സംസ്കൃത സർവ്വകലാശാലയിൽ സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ

148 (1204) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത സർവ്വകലാശാലയിൽ സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം (എൻ.റ്റി-ജി) കണ്ടെത്തിയ ക്രമക്കേടുകൾ പരിഹരിച്ച് വിശദാംശങ്ങൾ സർക്കാരിനെ അറിയിക്കണമെന്നുള്ള ഉത്തരവിന്മേൽ സർവ്വകലാശാല എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത സർവ്വകലാശാലയിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിന്റെ വിലക്കിനെ മറികടന്ന് ഗുരുതരമായ വീഴ്ച വരുത്തിയവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ ;

(സി) സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം ശിപാർശ ചെയ്ത നടപടികൾ സ്വീകരിച്ച് ഗവൺമെന്റിനെ അറിയിക്കുന്നതുവരെ സർവ്വകലാശാലയ്ക്ക് നൽകുന്ന ഗ്രാന്റും മറ്റു സഹായങ്ങളും തടഞ്ഞു വയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ-സി) ധനകാര്യ പരിശോധന (എൻ.റ്റി-ജി) വിഭാഗത്തിന്റെ റിപ്പോർട്ടിന്മേൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ രജിസ്ട്രാർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

അൺഎയ്ഡഡ് മേഖലയിൽ ലോ കോളേജുകൾ

149 (1205) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺഎയ്ഡഡ് മേഖലയിൽ ഈ സർക്കാർ എത്ര ലോ കോളേജുകൾ അനുവദിച്ചിട്ടുണ്ട് ; അവ ഏതൊക്കെ ; ഏതെല്ലാം മാനേജ്മെന്റുകൾക്ക് ;

(ബി) ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ പുതുതായി കോളേജുകൾ അനുവദിച്ചിരിക്കുന്നത് ; എങ്കിൽ അത് വിശദമാക്കാമോ ;

(സി) അനുവദിക്കപ്പെട്ട കോളേജുകളിൽ ഏതെല്ലാം കോഴ്സുകൾക്ക് അനുമതി നൽകിയിട്ടുണ്ട് ; സർക്കാർ നിശ്ചയിച്ച ഫീസ് നിരക്ക് എത്ര ; മാനേജ്മെന്റ് സീറ്റുകൾ എത്ര ; ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കോഴ്സുകൾ അനുവദിച്ചിരിക്കുന്നത് ?